"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവീസസ് - ജീവനക്കാര്യം-വിശേഷാൽ ചട്ടത്തിൽ ഇളവ് നൽകി ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് I തസ്തികയിലെ ജീവനക്കാർക്ക് പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്ക് താത്ക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

**സ.ഉ.(കൈ) നം.4/2026/H&FWD തീയതി,തിരുവനന്തപുരം, 08-01-2026**

---

| | | |
|---|---|---|
| പരാമർശം:- | 1. | സ.ഉ (അച്ചടി) നം. 291/98/ആ.കു.വ തീയതി 08.10.1998 |
| | 2. | സ. ഉ. (സാധാ) നം.1950/2020/ആ.കു.വ തീയതി 23.10.2020 |
| | 3. | സ.ഉ(സാധാ) നം.2318/2021/ആ.ക.വ തീയതി 26.10.2021 |
| | 4. | സ.ഉ (സാധാ) നം. 1667/2023/ആ.കു.വ തീയതി 11.07.2023 |
| | 5. | സ.ഉ (സാധാ) നം.376/2025/ആ.കുവ തീയതി 10.02.2025 |
| | 6. | ആരോഗ്യവകുപ്പ് ഡയറക്ടറുടെ 01/03/2025 തീയതിയിലെ DHS/8542/2023-FWA5 നമ്പർ കത്ത് |
| | **7.** | ആരോഗ്യവകുപ്പ് ഡയറക്ടറുടെ 06/08/2025, 23/09/2025, 17/12/2025 തീയതികളിലെ DHS/14893/2025-FWA5 നമ്പർ കത്തുകൾ |

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ, പ്രസ്തുത ചട്ടങ്ങളിൽ 2008-ൽ വരുത്തിയ ഭേദഗതി എന്നിവ പ്രകാരം പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സബോർഡിനേറ്റ് സർവ്വീസിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 2, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 1, പബ്ലിക് ഹെൽത്ത് നേഴ്സ്, പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ എന്നീ തസ്തികളാണുള്ളത്. പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് 6 മാസം ദൈർഘ്യമുള്ള 'ഹെൽത്ത് സൂപ്പർവൈസേഴ്സ് ട്രെയിനിംഗ്" പൂർ ത്തിയാക്കേണ്ടതുണ്ട്. ആരോഗ്യ വകുപ്പിൽ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ 300-ലധികം ഒഴിവുകൾ നിലവിലുള്ളതിനാൽ, 'ഹെൽത്ത് സൂപ്പർവൈസേഴ്സ് ട്രെയിനിംഗ്" എന്ന സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള യോഗ്യത നേടുന്നതിൽ ഇളവ് നൽകി ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 1 വിഭാഗത്തിലുള്ള ജീവനക്കാർക്ക് പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്ക് താത്ക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് അനുമതി തേടിക്കൊണ്ട് പരാമർശം (6) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

**2.** ഹെൽത്ത് സൂപ്പർവൈസേഴ്സ് ട്രെയിനിംഗ്, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 1 തസ്തികയിൽ സേവനം ചെയ്യുമ്പോൾ ഇൻ-സർവ്വീസ് ആയാണ് നിലവിൽ നൽകിവരുന്നത്. ആരോഗ്യ വകുപ്പിന് കീഴിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലായി പ്രവർത്തിക്കുന്ന Female Health Supervisors Training Schools മുഖാന്തിരമാണ് നിലവിൽ ട്രെയിനിംഗ് നൽകുന്നത്. കോവിഡ് കാലയളവിൽ പരിശീലനം നൽകുന്നതിൽ തടസ്സം നേരിട്ടതിനെത്തുടർന്ന് പരിശീലനം ലഭിക്കുന്നതിനുള്ള

ജീവനക്കാരുടെ എണ്ണം വർദ്ധിക്കുകയും ആയത് പരിശീലനത്തിന്റെ സമയക്രമത്തെ ബാധിക്കുകയും ചെയ്തു. പരിശീലനത്തിൽ ഉൾക്കൊള്ളിക്കാൻ സാധിക്കുന്ന ജീവനക്കാരുടെ എണ്ണം കുറവായതിനാലും ഒഴിവുകൾ ധാരാളം ഉള്ളതിനാലും മുൻ കാലങ്ങളിൽ പരാമർശം (2), (3), (4), (5) സർക്കാർ ഉത്തരവുകൾ പ്രകാരം പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്ക് താത്ക്കാലിക സ്ഥാനക്കയറ്റം നൽകിയിരുന്നു. ഹെൽത്ത് സൂപ്പർവൈസേഴ്സ് ട്രെയിനിംഗ്, പരിശീലന കേന്ദ്രങ്ങൾ വഴി നേരിട്ടും കൂടാതെ ഓൺലൈനായും നൽകി വരുന്നുണ്ട്. എങ്കിലും മുൻപ് താത്ക്കാലിക സ്ഥാനക്കയറ്റം ലഭിച്ചവരിൽ 161 പേർക്ക് കൂടി ട്രെയിനിംഗ് നൽകാൻ ശേഷിക്കുന്നു.

**3.** വിശേഷാൽ ചട്ടം പ്രകാരം നിഷ്കർഷിച്ചിട്ടുള്ള 6 മാസത്തെ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടില്ല എന്ന കാരണത്താൽ മറ്റ് വിധത്തിൽ യോഗ്യരായ ജീവനക്കാർക്ക് പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകാൻ സാധിക്കാത്തതിനാൽ 300 ലധികം പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികകൾ സംസ്ഥാനത്ത് ഒഴിഞ്ഞ് കിടക്കുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പബ്ലിക് ഹെൽത്ത് നേഴ്സിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ അഭാവം പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനെയും സർവ്വോപരി ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്നുണ്ട്. കൂടാതെ ഉയർന്ന തസ്തികയിൽ സ്ഥാനക്കയറ്റം വൈകുന്നത് മൂലം ഫീഡർ കാറ്റഗറിയായ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 2 തസ്തികയിൽ ഒഴിവുകൾ ഉണ്ടാകുന്നില്ല. തത്ഫലമായി ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 2 തസ്തികയിൽ റിക്രൂട്ട്മെന്റിനായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. കൂടാതെ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലുള്ള ജീവനക്കാർക്ക് നിലവിൽ ലഭ്യമായ സ്ഥാനക്കയറ്റ സാധ്യതകൾ ഉറപ്പ് വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. മേൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശേഷാൽ ചട്ടത്തിൽ ഇളവ് നൽകി താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് അനുപേക്ഷണീയമായ അടിയന്തിര സാഹചര്യം വകുപ്പിൽ നിലനിൽക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിശേഷാൽ ചട്ടത്തിൽ ഇളവ് നൽകി താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് അനുപേക്ഷണീയമായ അടിയന്തിര സാഹചര്യം വകുപ്പിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ, പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനായി സ്പെഷ്യൽ റൂൾസ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള 'ഹെൽത്ത് സൂപ്പർവൈസേഴ്സ് ട്രെയിനിംഗ്' എന്ന യോഗ്യത സ്ഥാനക്കയറ്റ തസ്തികയിൽ പ്രവേശിച്ചതിനുശേഷം വിജയകരമായി പൂർത്തിയാക്കണം എന്ന നിബന്ധനയോടെ, മറ്റ് തരത്തിൽ യോഗ്യരായ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 1 ജീവനക്കാർക്ക് കേരള പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ചട്ടം 4 -ൽ ഇളവ് നൽകി പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (13/12/2025. തീയതിയിലെ ADV-A3/301/2025-P&ARD പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (07/01/2026 തീയതിയിലെ ഇനം നമ്പർ 3524 പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ (C1/87/2021/H&FWD)

ഉത്തരവിൻ പ്രകാരം

Signed by
Prijith. G
Date: 09-01-2026 12:37:59

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്